## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3940 15.03.2017 ൽ മറുപടിയ്ക്ക്**

## സർക്കാർ ഓഫീസുകളുടെ മുകളിൽ സൗരോർജ്ജ പാനൽ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. വി.ഡി. സതീശൻ<br>" എൽദോസ് കുന്നപ്പിള്ളി<br>" വി.ടി. ബൽറാം<br>"വി. എസ്. ശിവകുമാർ | | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സർക്കാർ ഓഫീസുകളുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | സ ർക്കാർ ഓഫീസുകളുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന ചില പദ്ധതികൾ അനെർട്ട് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാര ത്തിൽ വന്നശേഷം എത്ര ഓഫീസുകളുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചു; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനെർട്ടിന്റെ സേവനം ഉപയോഗപ്പെടുത്തി തൃശ്ശൂർ കോർപ്പറേഷന്റെ കീഴിലുള്ള ജയ്ഹിന്ദ് മാർക്കറ്റ് കെട്ടിട ത്തിന്റെ റൂഫ്ടോപ്പിൽ 200 കിലോവാട്ട് ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പവർപ്ലാന്റും കോഴിക്കോട് ഗവൺമെന്റ് ലോ കോളേജിൽ 9 കിലോവാട്ട് റൂഫ്ടോപ്പ് പവർപ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | ഇതുമൂലം എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞു; | (സി) | 0.209 മെഗാവാട്ട് (209 കിലോവാട്ട്) വൈദ്യുതി ഉത്പാദനശേഷി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. |
| (ഡി) | ഈ പദ്ധതിക്ക് നബാർഡിന്റെ ഗ്രീൻഫണ്ടിൽ നിന്നും ധനസഹായം ലഭിച്ചോ; എങ്കിൽ എത്ര തുക ലഭിച്ചുവെന്ന് അറിയിക്കാമോ? | (ഡി) | ഈ പദ്ധതിക്ക് നബാർഡിന്റെ ഗ്രീൻ ഫണ്ടിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല. |

സെക്ഷൻ ആഫീസർ